# Weekly Devotion - December-2016

## The Mouth of the Lord

## (യഹോവയുടെ വായ്)




യഹോവ അരുളി ചെയ്യുന്നവ അവന്റെ വായിൽ വരുന്ന വചനങ്ങളത്രെ. യഹോവയെ വിളിച്ചപേക്ഷിച്ചപ്പോൾ, ഉത്തരമരുളിയ അവന്റെ വായിൽ വചനങ്ങൾ കേട്ടിട്ട് തനിക്ക് ധൈര്യവും ബലവും ലഭിച്ചതിനാൽ ഞാൻ അവന് സ്തോത്രം ചെയ്യും എന്ന് പറയുന്ന സങ്കീർത്തനക്കാരനെ (സങ്കീ: 138:3-4) വരെയുള്ള വാക്യങ്ങളിൽ കാണാം. യെശ: (58:14 ) ൽ നീ യഹോവയിൽ സന്തോഷിക്കുക മാത്രമല്ല , ദേശത്തിലെ ഉന്നതികൾ ലഭ്യമാകുകയും, യാക്കോബിന്റെ അവകാശത്താൽ നിന്നെ പോഷിപ്പിക്കുകയും ചെയ്യുമെന്ന് യഹോവയുടെ വായ് അരുളി ചെയ്തതായി കാണുന്നു. ഇത് യഹോവയെ അനുസരിക്കുന്ന നമുക്കും ലഭ്യമാണ്.എന്തെല്ലാമാണ് നാം അനുസരിക്കേണ്ടത് എന്ന് യെശ;(58:13) ൽ കാണാം.

1. വിശുദ്ധ ദിവസമായ ശബ്ബത്ത് ദിവസത്തെ ബഹുമാനയോഗ്യം എന്ന് പറയുകയും , പ്രവർത്തിക്കുകയും ആരാധനയിൽ പങ്കാളിയാകുകയും ചെയ്യണം.
2. ആ ദിവസം സ്വന്തം കാര്യാദികൾ ചെയ്യുവാൻ (ഔദ്യോഗിക കാര്യാദികൾക്ക് ) ഉപയോഗിക്കരുത്.
3. അന്ന് ആത്മസന്തോഷം അനുഭവിപ്പാൻ ശരീരവും മനസ്സും ഒരുപോലെ ഒരുക്കുക.
4. ആ ദിവസം അതായത് ശബ്ബത്ത് ദിവസം വ്യർത്ഥസംഭാഷണങ്ങൾക്കായിട്ടോ ,

ഒരു അവധിദിവസത്തിന്റെ സന്തോഷം അനുഭവിപ്പാനോ ഉപയോഗിക്കുവാൻ പാടില്ല.

5. ശബ്ബത്ത് യഹോവയുടെ വിശുദ്ധദിവസമാകയാൽ അത് ഏറ്റവും ബഹുമാനയോഗ്യമായ ദിവസമായി കരുതണം.




ഇപ്രകാരം യഹോവയുടെ വചനം കേട്ടനുസരിക്കുന്നവനു മാത്രമേ അവനിൽ പ്രമോദിക്കുവാൻ കഴിയുകയുള്ളൂ. ഇത് യഹോവയുടെ വായത്രേ അരുളിചെയ്തത്. (യെശ 58:14)

യെശ: (1:19) ൽ പറയുന്നു "നിങ്ങൾ മനസ്സു വച്ച് കേട്ടനുസരിക്കുന്നു എങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും" എന്ന് . ഇതും യഹോവയുടെ വായത്രേ അരുളിചെയ്തിരിക്കുന്നത്. യഹോവ വ്യാജം പറയുകയില്ല, അവൻ പറഞ്ഞാൽ അത് സംഭവിച്ചിരിക്കും. യഹോവ ആലോചനയിൽ വലിയവനും , പ്രവർത്തിയിൽ ശക്തനുമെന്ന് വചനം വ്യക്തമാക്കുന്നു.

കേരളത്തിലും , തമിഴ്നാട്ടിലും , ഉത്തരേന്ത്യയിലും, സിലോണിലും സഞ്ചരിച്ച് സുവിശേഷവേല ചെയ്യുന്ന കർത്തൃദാസനായിരുന്നു കാരംവേലിൽ മത്തായി ഉപദേശി.അദ്ദേഹത്തിന്റെ ജീവിതത്തിൽ യഹോവ പ്രവർത്തിയിൽ ശക്തനെന്നും, ബലവും ധൈര്യവും അവന്റെ വായിലെ വാക്കുകൾക്കുണ്ടെന്നും മനസ്സിലാക്കിയ അനുഭവങ്ങൾ വായിച്ചത് കുറിച്ചുകൊള്ളട്ടെ. ഒരിക്കൽ കോഴിക്കോട് സുവിശേഷവേല ചെയ്തുകൊണ്ടിരിക്കുമ്പോൾ ആറുമാസം പ്രായമുള്ള മകൻ രോഗബാധയാൽ അത്യാസന്നനിലയിൽ എന്നറിഞ്ഞ അദ്ദേഹം താൻ അങ്ങു ചെല്ലും വരെ കുഞ്ഞിനൊന്നും സംഭവിക്കരുതേ എന്ന് പ്രാർത്ഥിച്ചു. ഒഴിഞ്ഞപോക്കറ്റുമായി റയിൽവേസ്റ്റേഷനിലെത്തിയ അദ്ദേഹം ഹൃദയം തകർന്ന് പ്രാർത്ഥിച്ചു. പെട്ടെന്ന് സുമുഖനായ ഒരു മനുഷ്യനെത്തി മത്തായി ഉപദേശി ആണോ എന്ന് തിരക്കി ഒരു പണസഞ്ചി നൽകി. ആഗതൻ ആരാണെന്ന ചോദ്യത്തിന് മറുപടി നൽകാതെ "ചോദിച്ചത് ദൈവം തന്നു, സമാധാനത്തോടെ പോക" എന്ന മറുപടി നൽകി അദ്ദേഹം അപ്രത്യക്ഷനായി. വീട്ടിലെത്തി മകനെ കരങ്ങളിലെടുത്ത് സ്തോത്രം ചെയ്യുവാനും,

സൗഖ്യം നൽകുന്ന കർത്താവിന്റെ വായുടെ പ്രവർത്തി കാണുവാനും ദൈവം ഇട യാക്കി. പിന്നീടൊരിക്കൽ കീക്കൊഴൂർ ഒരു വീട്ടിൽ പ്രാർത്ഥിച്ചിറങ്ങുമ്പോൾ പെയ്ത കനത്ത മഴ മൂലം തോടുകൾ കവിഞ്ഞൊഴുകി. അതുമൂലം തെങ്ങുംപാലം ഒഴുകി പോകയും ചെയ്തു. കഠിനമായ വെള്ളപ്പൊക്കവും  മഴയും മൂലം തോടിനക്കരെ കടക്കുവാൻ കഴിയാതെ അവിടെ മുട്ടുകുത്തി പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞ് കണ്ണുതുറന്ന ഉപദേശി മറുകരെ താൻ ഇരിക്കുന്നതാണ് കണ്ടത്. അവൻ കൽപി ച്ചാൽ ഇതിലും വലിയത് നമ്മുടെ ജീവിത്തിലും നടക്കും.

പാഴും ശൂന്യവും ഇരുൾ നിറഞ്ഞതുമായ ഭൂമിയിൽ വെളിച്ചം, സൂര്യ ചന്ദ്ര നക്ഷത്രാദികൾ ആകാശ വിതാനത്തിൽ, സമുദ്രം ഭൂമി ഇവ ഉണ്ടായതും പക്ഷി മൃഗാദികൾ , വിത്തുള്ള ഫലങ്ങൾ, മത്സ്യങ്ങൾ വെള്ളത്തിലെ മറ്റു ജന്തുക്കൾ എല്ലാം യഹോവ കല്പിച്ചപ്പോൾ ഉണ്ടായതാണെന്ന് ഉല്പത്തി (1:1-25)വരെ വായിച്ചാൽ നമുക്ക് കാണാവുന്നതാണ്. യഹോവയുടെ വായത്രെ ഇവ കല്പിച്ചത്.

മരിച്ചടക്കിയിട്ട് നാലു ദിവസമായി, നാറ്റം വച്ച അവസ്ഥയിലാണെന്ന്  ലാസ റിന്റെ സഹോദരി പറഞ്ഞിട്ടും കല്ലറക്കൽ എത്തിയ യേശുവിന്റെ വായിലെ വാക്കിന്റെ ശക്തി അവിടെ വെളിപ്പെട്ടു. ‘‘ലാസറെ പുറത്തു വരിക’’ എന്ന ശബ്ദം അകത്തു കിടന്നവനെ പുറത്തു കൊണ്ടു വന്നു. Jesus Said to them, ‘‘Take off the grave clothes and let him go’’(N.I.V.B)(യോഹ:11:44)ഇത് എന്നെ വളരെ അധികം ചിന്തിപ്പിച്ച ഒരു വാചകമാണ്. ഇന്ന് പലരും പുറത്തു വന്നു എന്നു പറയു ന്നുണ്ടെങ്കിൽ  ‘‘grave clothes’’അഴിച്ചിട്ടില്ല. അത് മാറ്റാതെ നിങ്ങൾക്ക് മോചനമില്ല. അതുകൊണ്ടാണ് കർത്താവ് പറയുന്നത് ‘‘Take off the grave clothes and **let him go**’’ എന്ന്. ആ വാക്ക് ശക്തിയുള്ളതാണ്. പാപമോചനം ആഗ്രഹിക്കുന്ന വർക്ക്, വർഷങ്ങളായി രോഗം പിടിമുറുക്കിയവർക്ക് നേരെ നോക്കി യഹോവ കല്പി ക്കുകയാണ്  ‘‘പുറത്തു വരിക’’. ആ ശബ്ദം കേട്ടനുസരിപ്പാനുള്ള മനസ്സും വിശ്വാ സവുമുണ്ടെങ്കിൽ നിശ്ചയമായും അത് നടന്നിരിക്കും. പ്രീയ മക്കളേ യഹോവയുടെ വായിലെ വാക്ക് ശക്തിയും , ധൈര്യവും, നന്മയും മാത്രമല്ല നമുക്ക് പ്രദാനം ചെയ്യു ന്നത്. അദ്ദേഹത്തിന്റെ വചനം നമ്മുടെ കാലിന് ദീപവും , പാതയ്ക്ക് പ്രകാ ശവുമാണ്. ആ പ്രകാശത്തിൽ മുൻപോട്ട് യാത്രചെയ്യുവാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

പ്രീയ യേശുവേ! അങ്ങയുടെ വായിൻ വചനത്താൽ ‘2016’ ഡിസംബർ വരെ നടത്തിയ കൃപയ്ക്കായി സ്തോത്രം. ഹൃദയം വേദനിച്ചപ്പോഴും വഴിയിൽ ഇരുട്ടുമൂ ടാതെ വെളിച്ചമായ അങ്ങ് കൂടെ ഇരുന്ന് നടത്തിയതിനായി സ്തോത്രം യേശു വിൻ നാമത്തിൽ തന്നെ.

ആമേൻ

Santhamma Varghese